**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
**തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി വിഭാഗം**
**ഹൗസിംഗ്ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം – 1**
**Ph 0471 2325323, e-mail:dirvhse@yahoo.com**

തീയ്യതി: 17/09/2020

C3/1501/2020

# സർക്കുലർ
## വി.എച്ച്.എസ്.ഇ – ഏകജാലക പ്രവേശനം 2020
## പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ-2

വി.എച്ച്.എസ്.ഇ ഒന്നാം അലോട്മെൻറ് പ്രകാരം സ്ഥിര/താത്കാലിക പ്രവേശനം നേടേണ്ട കോവിഡ് 19 ചികിത്സയിൽ/ക്വാറന്റീനിൽ ഉള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിവരങ്ങൾ, സത്യവാങ്മൂലം തുടങ്ങിയവയുടെ സ്കാൻ ചെയ്ത പകർപ്പ് സ്കൂൾ ഈമെയിലിൽ വാങ്ങിയ ശേഷം സ്ഥിര/താത്കാലിക പ്രവേശനം നൽകാവുന്നതാണ്. കുട്ടി ഹാജരാകുന്ന മുറയ്ക്ക് ഒർജിനൽ രേഖകൾ സ്വീകരിക്കാവുന്നതും ഫീസ് (പി.ഡി വിഹിതം) അടയ്ക്കാവുന്നതുമാണ്. റെവന്യൂ വിഹിതം ഫീസ് അടയ്ക്കുന്നതിനുള്ള സൗകര്യം ക്യാൻഡിഡേറ്റ് ലോഗിൻ വഴി ലഭ്യമാകുന്നതും ഫീസ് അടച്ചതിൻറെ ചെല്ലാൻ റെസിപ്റ്റ് സ്കൂൾ മെയിലിൽ വാങ്ങേണ്ടതുമാണ്. ഇത്തരം കുട്ടികളുടെ വിവരങ്ങൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

EWS വിഭാഗത്തിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പ്രവേശനം നൽകിയാലും Annexure 1/Annexure 2 ഫോർമാറ്റിലുള്ള സർട്ടിഫിക്കറ്റുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഒന്നാം ഘട്ട പ്രവേശന നടപടികൾ അവസാനിക്കുന്നതിന് മുൻപായി Annexure സർട്ടിഫിക്കറ്റുകൾ സ്കൂളുകളിൽ എത്തിച്ചിരിക്കണം.

ജാതി, കാറ്റഗറി, ഗ്രേഡ് വ്യതിയാനം തുടങ്ങിയ കാരണങ്ങളാൽ അഡ്മിഷൻ നിരാകരിക്കപ്പെട്ട കുട്ടികളുടെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ കോഓർഡിനേറ്റർമാരുടെ മെയിലിൽ അയയ്ക്കേണ്ടതാണ്.

അഡ്മിഷൻ നേടിയ എല്ലാ കുട്ടികളുടെയും വിവരങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ പ്രോസസ്സിൽ കടത്തിവിട്ടു എന്ന് ഉറപ്പാക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (കരിക്കുലം)**

പകർപ്പ്,

1. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും അറിവിലേക്കും തുടർനടപടിക്കും
2. എല്ലാ ഏകജാലക ജില്ലാ കോർഡിനേറ്റർമാർക്കും
3. എല്ലാ വി.എച്ച്.എസ്.ഇ. പ്രിൻസിപ്പൾമാർക്കും